കൃഷിച്ചെലവ് വിലയിരുത്താൻ നിയമനിർമ്മാണം

108 [410] *ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:*
,, എം. എം. ഹസ്സൻ:
,, ജി. പ്രതാപവർമ്മ തമ്പാൻ:
,, ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിച്ചെലവ് ശാസ്ത്രീയമായി വിലയിരുത്തി കാർഷികോൽപ്പന്നങ്ങൾക്ക് ലാഭകരമായ വില നിശ്ചയിക്കേണ്ടത് ആവശ്യമാണെന്ന് ഗവൺമെന്റ് കരുതുന്നുണ്ടോ;

(ബി) ഇതിനുവേണ്ടി ഒരു സ്ഥിരം സംവിധാനം ഉണ്ടാക്കുവാൻ പദ്ധതിയുണ്ടോ;

(സി) ഇക്കാര്യത്തിന് ഒരു നിയമനിർമ്മാണം നടത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കർഷകർക്ക് ഉൽപ്പാദന ചെലവിനേക്കാൾ മെച്ചപ്പെട്ട വിലനിലവാരം ലഭ്യമാക്കുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാർ കൊപ്രയ്ക്ക് താങ്ങുവില പ്രഖ്യാപിക്കുകയും വിപണി വില നിലവാരം താങ്ങുവിലയേക്കാൾ കുറയുന്ന അവസരത്തിൽ സംഭരണം നടത്തി കർഷകർക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുന്ന പദ്ധതി നടപ്പിലാക്കി വരികയും ചെയ്യുന്നുണ്ട്. കൂടാതെ സംസ്ഥാന സർക്കാരും ഇപ്രകാരം നെല്ല്, കുരുമുളക്, അടയ്ക്ക എന്നിവയ്ക്ക് പ്രത്യേക സംഭരണ പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിനു പുറമെ കാപ്പി കർഷകരെ സഹായിക്കുന്നതിന് ഹെക്ടറൊന്നിന് 720 മൂപ നിരക്കിൽ ഉൽപ്പാദന ഇൻസെന്റീവും നൽകി വരുന്നു.

ഉൽപ്പാദന ചെലവുമായി ബന്ധപ്പെടുത്തി കാർഷികോൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വിലനിലവാരം ലഭ്യമാക്കുന്നതിന് കേന്ദ്ര സർക്കാർ താങ്ങുവില പദ്ധതിയും വിലസ്ഥിരതാ ഫണ്ടും രൂപീകരിച്ച് നടപ്പാക്കിവരുന്നുണ്ട്. കേന്ദ്ര കാർഷിക വില നിർണ്ണയ കമ്മീഷന്റെ താങ്ങുവില പദ്ധതിയിൽപ്പെടാത്ത, സംസ്ഥാനത്തെ പ്രധാന വിളകളായ അടയ്ക്കാ, കുരുമുളക്, കാപ്പി എന്നീ വിളകളുടെ വില മെച്ചപ്പെടുത്തുന്നതിന് സംസ്ഥാന തലത്തിൽ പ്രത്യേക സംഭരണ പദ്ധതികളും നടപ്പാക്കുന്നുണ്ട്. കേന്ദ്ര സർക്കാർ നെല്ലിന് താങ്ങുവില പ്രഖ്യാപിക്കുന്നുണ്ടെങ്കിലും സംസ്ഥാനത്തെ ഉയർന്ന ഉൽപ്പാദന ചെലവും മറ്റു പ്രത്യേക സാഹചര്യങ്ങളും മുൻനിർത്തി അത് തീരെ അപര്യാപ്തമാണെന്ന് വിലയിരുത്തി പ്രസ്തുത വിലയേക്കാൾ ഉയർന്ന വില നൽകി സംസ്ഥാനത്ത് അഞ്ച് ജില്ലകളിൽ നെല്ല് സംഭരണം നടത്തി വരുന്നുണ്ട്.

(സി) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly